സഹകരണസംഘം രജിസ്ട്രാർ
ആഫീസ്,കേരള, തിരുവനന്തപുരം,
തീയതി : 26-2-2007

നം: സി.ബി(1)4706/2007

## സർക്കുലർ നം: 21/2007

വിഷയം:- സഹകരണം - സഹകരണ മേഖലയിൽ പുതിയ നിക്ഷേപ പദ്ധതികൾ ആവിഷ്ക്കരിക്കുന്നത് സംബന്ധിച്ച് - അനുവാദം നൽകിക്കൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. ഈ ആഫീസിലെ 27-1-2007-ലെ 7/07-ാം നംപർ സർക്കുലർ.
2. ബഹു: സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16-1-2007-ന് കൂടിയ " നിക്ഷേപം കേരളീയം " ക്യാമ്പയിന്റെ അവലോകന തീരുമാനങ്ങളും 26-2-2007-ൽ കൂടിയ സഹകരണ മേഖലയിലെ നിക്ഷേപ വായ്പ പലിശ നിരക്കുകൾ പുനർനിർണ്ണയം ചെയ്യുന്നതിനുള്ള സബ്കമ്മറ്റിയുടെ തീരുമാനങ്ങളും.

*******

ബാങ്കിംഗ് മേഖലയിൽ വാണിജ്യ ബാങ്കുകളും, പുത്തൻ തലമുറയിലെ ബാങ്കുകളും മറ്റു ധനകാര്യ സ്ഥാപനങ്ങളും മത്സരബുദ്ധിയോടെ പുതിയ പുതിയ നിക്ഷേപ പദ്ധതികൾ ആവിഷ്ക്കരിച്ച് നിക്ഷേപം സ്വീകരിക്കുന്നതായും ആയതിനാൽ സഹകരണ മേഖലയിലും പുതിയ നിക്ഷേപ പദ്ധതികൾ അംഗങ്ങൾക്കുവേണ്ടി ആവിഷ്ക്കരിക്കണമെന്ന് സൂചനയിലെ യോഗങ്ങളിൽ തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ ആകർഷകമായ പലിശ നിരക്കിൽ 31-3-2007 വരെയുള്ള കാലയളവിൽ 100, 200, 300 ദിവസക്കാലയളവിൽ പ്രത്യേക ഡിപ്പോസിറ്റ് സ്കീമുകൾ ആവിഷ്ക്കരിച്ച് നിക്ഷേപം സ്വീകരിക്കുന്നതിന് സഹകരണ ബാങ്കുകളെ/സംഘങ്ങളെ അനുവദിച്ചുകൊണ്ട് സൂചന(1) സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ 26-2-2007-ൽ ചേർന്ന സഹകരണ മേഖലയിലെ പലിശനിർണ്ണയ കമ്മറ്റി പ്രത്യേക നിക്ഷേപ പദ്ധതികൾ 400, 500, 600 ദിവസക്കാലയളവിലേയ്ക്ക് നടപ്പിലാക്കണമെന്ന് തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന(1)ലെ സർക്കുലറിൽ പരാമർശിച്ചതുൾപ്പെടെ താഴെ പറയുന്ന പ്രത്യേക ഡിപ്പോസിറ്റ് സ്കീമുകൾ ആവിഷ്ക്കരിച്ച് 31-3-2007 വരെയുള്ള കാലയളവിൽ നിക്ഷേപം സ്വീകരിക്കുന്നതിന് സഹകരണ ബാങ്കുകളെ/സംഘങ്ങളെ ഇതിനാൽ അനുവദിച്ചിരിയ്ക്കുന്നു.

| ക്രമ നം | നിക്ഷേപ കാലാവധി | സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകൾ | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ |
|---|---|---|---|
| 1 | 100 പൂർണ്ണ ദിവസങ്ങൾ | 7 % | 7.50 % |
| 2 | 200 പൂർണ്ണ ദിവസങ്ങൾ | 8% | 8.25 % |
| 3 | 300 പൂർണ്ണ ദിവസങ്ങൾ | 8.50% | 8.75 % |

| | | | |
|---|---|---|---|
| 4 | 400 പൂർണ്ണ ദിവസങ്ങൾ | 9.60% | 9.90 % |
| 5 | 500 പൂർണ്ണ ദിവസങ്ങൾ | 9.70% | 10.00 % |
| 6 | 600 പൂർണ്ണ ദിവസങ്ങൾ | 10.00% | 10.10 % |

മേൽ പലിശ നിരക്കുകൾക്കു പുറമേ ഈ പദ്ധതി പ്രകാരം മുതിർന്ന പൗരൻമാരുടെ നിക്ഷേപങ്ങൾക്ക് അര ശതമാനം അധിക പലിശനിരക്കും നൽകാവുന്നതാണ്. ഈ സർക്കുലറിൽ പ്രതിപാദിക്കുന്ന പ്രത്യേക നിക്ഷേപ സ്കിമുകൾക്ക് 31-3-2007 വരെ മാത്രമേ പ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ.

ഒപ്പ്/-
വി.രഘുനാഥ്,
സഹകരണസംഘം രജിസ്ട്രാർ(ഇൻ ചാർജ്ജ്)

പകർപ്പ്:-
1. ചീഫ് ജനറൽ മാനേജർ, നബാർഡ്, തിരുവനന്തപുരം
2 മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം
4. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
5. എല്ലാ ജോയിൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
6. എല്ലാ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും(ജോയിൻറ് രജിസ്ട്രാർമാർ മുഖേന)
7. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും(ജോയിൻറ് രജിസ്ട്രാർമാർ മുഖേന)
8. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
9. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് (ഉപരിപത്രം സഹിതം)
10. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
12. സ്റ്റോക്ക് ഫയൽ

// ആജ്ഞാനുസരം //

സഹകരണസംഘം രജിസ്ട്രാർക്ക് വേണ്ടി